"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് റിസ്ക്ഫണ്ട് പദ്ധതിക്കായി ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (ബി) **വകുപ്പ്**

സ.ഉ.(സാധാ) നം.330/2025/Co-Opതീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-
1. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 07/07/2025 ലെ പി&എം എ (4)5448/2025 നം. കത്ത്.
3. ഇ.അനുമതി നം.AS/COP/25/ 43800 (subsidy)

**ഉത്തരവ്**

വിവിധ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധി കഴിഞ്ഞും/വായ്പാ കാലാവധിയ്ക്കുള്ളിലും മരണപ്പെട്ടു പോവുകയാണെങ്കിൽ അന്നേ ദിവസം വായ്പാ മുതലിനത്തിൽ ബാക്കി നിൽക്കുന്ന 3,00,000/-രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) വരെയുള്ള ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനും മാരകരോഗം പിടിപെടുന്ന വായ്പക്കാരന് 1,25,000/-രൂപ (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) വരെ ചികിത്സാധനസഹായം നൽകുന്നതിനും വേണ്ടി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി.

2. 2023-2024, 2024-2025 സാമ്പത്തിക വർഷങ്ങളിലായി പ്രസ്തുത പദ്ധതിക്കായി അനുമതി നല്കിയ തുകയിൽ 444.00 ലക്ഷം രൂപ ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് നൽകേണ്ടതുണ്ട്.

| സാമ്പത്തിക | ബഡ്ജറ്റ് | വർക്കിംഗ് ഗ്രൂപ്പ് | അനുവദിച്ചു | അനുവദിച്ച് |
|---|---|---|---|---|

| വർഷം | വിഹിതം | അംഗീകരിച്ച തുക (ലക്ഷത്തിൽ) | നൽകിയ തുക (ലക്ഷത്തിൽ) | നൽകുവാൻ ബാക്കി നിൽപ്പുള്ള തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 2023-2024 | 700.00 | 700.00 | 340.00 | 360.00 |
| 2024-2025 | 700.00 | 200.00 | 116.00 | 84.00 |
| ആകെ | | | | 444.00 |

പ്രസ്തുത 444.00 ലക്ഷം രൂപ ഉൾപ്പെടെ 700.00 ലക്ഷം രൂപ ടി സാമ്പത്തിക വർഷം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) ലെ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

3. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് റിസ്ക്ഫണ്ട് സ്കീമിലേയ്ക്കുള്ള ധനസഹായം പദ്ധതിയ്ക്കായി 700.00ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) 2425-107-80-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും 2025-2026 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി, റിലീസ് ഉത്തരവുകൾ ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന റിസ്ക്ഫണ്ട് സ്കീമിലേയ്ക്കുള്ള ധനസഹായം പദ്ധതിയ്ക്കായി 700.00ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) 2425-107-80-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.(ബി3/142/2025)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 14-07-2025 13:50:21
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്
സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ
പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ
സി.എ